(ഇ) കേരളാ കാപ്റ്റീവ് എലിഫന്റ്സ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) റൂൾസ്, 2003 അനുസരിച്ച് രാത്രികാലങ്ങളിൽ ആനയെ നടത്തുമ്പോൾ ആനയുടെ മുന്നിലും പിന്നിലും റിഫ്ളക്ടറുകൾ ഘടിപ്പിക്കണമെന്നും പകൽ 30 കി.മീ. കൂടുതൽ ദൂരം നടത്തിച്ച് കൊണ്ടുപോകുവാൻ പാടില്ലായെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. രാത്രികാലങ്ങളിൽ മാത്രമേ നടത്തിക്കൊണ്ടുപോകാവൂ എന്നുള്ള നിയമം നടപ്പാക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

പത്തനംതിട്ട ജില്ലയിലെ ഡിപ്പോ വാച്ചർ/റിസർവ് വാച്ചർ/ സർവ്വേ ലാസ്ക്കർ തസ്തികകളിൽ ഒഴിവ്

144 [2116] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ വനം വകുപ്പിൽ ഡിപ്പോ വാച്ചർ/റിസർവ് വാച്ചർ/സർവെ ലാസ്ക്കർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലും താൽക്കാലികമായും എത്ര പേർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ ഒന്നും നിലവിലില്ല.

(ബി ആന്റ് സി) ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പള്ളഞ്ചി-പാണ്ടി ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായുള്ള ഹർജി

145 [2117] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേലമ്പാടി-ബേഡഡുക്ക പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും റിസർവ് ഫോറസ്റ്റിലൂടെ കടന്നുപോകുന്നതുമായ പള്ളഞ്ചി-പാണ്ടി ഫോറസ്റ്റ് റോഡ് തകർന്ന് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ റോഡ് റീ-ടാർ ചെയ്യുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം. എൽ. എ. സമർപ്പിച്ച ഹർജിയിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത റോഡ് ഗതാഗതയോഗ്യ മാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പഞ്ചായത്തുകൾക്കും വിദ്യാലയങ്ങൾക്കും കളിസ്ഥലം നിർമ്മിക്കാനും പുനരുദ്ധരിക്കാനും ധനസഹായം

146 [2118] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായികരംഗം ഉദ്ധരിക്കാൻ എന്തെല്ലാം പുതിയ പരിപാ ടികളാണ് സ്പോർട്സ് വകുപ്പ് ആവിഷ്ക്കരിച്ചത് എന്നു വ്യക്തമാക്കാമോ;

(ബി) കായികരംഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് വകുപ്പ് പഞ്ചായത്തുകൾക്കും വിദ്യാലയങ്ങൾക്കും കളിസ്ഥലം നിർമ്മിക്കാനും പുനരുദ്ധരിക്കാനും ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം അറിയിക്കാമോ;

(സി) സംസ്ഥാനത്ത് കളിസ്ഥലങ്ങൾക്കുവേണ്ടി എത്ര പഞ്ചായത്തുകൾക്കും വിദ്യാലയങ്ങൾക്കും ധനസഹായം നൽകിയെന്നു വ്യക്തമാക്കാമോ;

(ഡി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ധനസഹായം നൽകി എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായ പദ്ധതിയി ലുൾപ്പെടുത്തി വിവിധങ്ങളായ പുതിയ പരിപാടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്.

(1) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും, ഒരു കായിക പരിശീലന കേന്ദ്രമുണ്ടാക്കണമെന്ന ആശയം മുൻനിർത്തി സംസ്ഥാനത്തെ വിവിധ ഗ്രാമപ്രദേ ശങ്ങളിൽ ഗ്രാമീണ പരിശീലന കേന്ദ്രങ്ങൾക്ക് തുടക്കംകുറിച്ചു.

(2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന സ്ക്കൂൾ കായിക പരിശീലന പദ്ധതിയായ 'ഓപ്പറേഷൻ ഗോൾഡ്' പുതിയതായി ആരംഭിച്ചു. പരിശീലനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണവും പരിശീലനത്തിനാവശ്യമായ കായിക ഉപകരണ ങ്ങളും വിതരണം ചെയ്യുന്നു.

(3) തിരുവനന്തപുരത്ത് ജില്ലാ സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്ന തിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(4) എറണാകുളത്ത് മഹാരാജാസ് കോളേജ് സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly